**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5927** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ് പ്രകാരമുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് 75 കോടി രൂപ വീതം വകയിരുത്തിയിരുന്നത് പ്രകാരം ഇതുവരെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ; | (എ) | മറുപടി അനക്സർ I, അനക്സർ II ൽ (ചുവടെ അറ്റാച്ച്മെന്റിൽ) ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങളും പ്രവൃത്തികൾക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ; | (ബി) | മറുപടി അനക്സർ I, അനക്സർ II ൽ (ചുവടെ അറ്റാച്ച്മെന്റിൽ) ചേർത്തിരിക്കുന്നു. |
| (സി) | ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് പീരുമേട് മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | 2022-23 വർഷത്തെ വിവരങ്ങൾ ഉൾക്കൊള്ളുന്ന അനക്സർ- I ലെ ക്രമനമ്പർ 2, 4 - നും 2023-24 വർഷത്തെ വിവരങ്ങൾ ഉൾക്കൊള്ളുന്ന അനക്സർ II ലെ ക്രമ നം.4-നും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അതത് സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇടുക്കി വികസന പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ ഇടുക്കി വികസന പാക്കേജ് ജില്ലാതല കമ്മിറ്റി പരിശോധിക്കുകയും, സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തോടെ 5 കോടി രൂപ വരെ അടങ്കൽ തുക വരുന്ന പദ്ധതികൾക്ക് ജില്ലാ കളക്ടർ ഭരണാനുമതി ഉത്തരവ് നൽകുകയും, 5 കോടിക്ക് മുകളിൽ അടങ്കൽ തുക വരുന്ന പദ്ധതികൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകരിച്ച് സർക്കാർ തലത്തിൽ ഭരണാനുമതി ഉത്തരവ് നൽകുകയുമാണ് ചെയ്ത് വരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ അവശ്യരേഖകളും നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയത് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് പ്രവൃത്തികൾക്ക് അതത് സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നല്കുന്നത്. |

സെക്ഷൻ ഓഫീസർ

അനക്സർ-I

2022-23

| ക്രമ നം. | പ്രവൃത്തി | അടങ്കൽ തുക (കോടിയിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | ഇടുക്കിയിൽ (രാജക്കാട്, മൂന്നാർ, ബൈസൺ വാലി, വെള്ളിയാമറ്റം) മാതൃകാ മൈക്രോ വാട്ടർഷെഡ് വികസന പദ്ധതികളുടെ നിർമ്മാണം. | 2 | വെള്ളിയാമറ്റം, രാജക്കാട്, ബൈസൺവാലി പ്രവൃത്തികൾ പൂർത്തിയാക്കി. മൂന്നാർ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു 31.03.2025 വരെ സമയ ദൈർഘ്യത്തോടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 2. | വണ്ടിപ്പെരിയാർ കനാൽ നവീകരണവും വെള്ളപ്പൊക്ക സംരക്ഷണ പ്രവർത്തനങ്ങളും | 2 | സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി. മണ്ണ് പരിശോധനയും അടിസ്ഥാന ശുപാർശ റിപ്പോർട്ടും ലഭിച്ചു. 31.05.2025 വരെ സമയദൈർഘ്യം നൽകി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 3. | ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ മൾട്ടി പർപ്പസ് ജിമ്മും, അമിനിറ്റി സെന്ററും നിർമ്മാണം | 2 | പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 30.09.2025 വരെ സമയ ദൈർഘ്യം നൽകി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4. | ഏലപ്പാറ ചെമ്മണ്ണ് സർക്കാർ ഹൈസ്കൂളിന്റെ ഭൗതിക സാഹചര്യ വികസനം | 3 | |
| 5. | ഇടുക്കി ഡാം റിസർവോയറിൽ ടൂറിസ്റ്റ് ബോട്ടിംഗ് സൗകര്യം ഒരുക്കൽ | 1.2 | ഒരു സാങ്കേതിക സമിതി (കുസാറ്റ്, കേരള മാരിടൈം ബോർഡ്, എസ്.ഡബ്ല്യൂ.ടി.ഡി, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന) രൂപീകരിച്ചു. ബോട്ട് സ്പെസിഫിക്കേഷനുകൾ അംഗീകരിക്കുന്നതിനും ടെൻഡർ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 31.03.2025 വരെ സമയ ദൈർഘ്യം നൽകി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |

## അനക്സർ- II

## 2023-24 വർഷം

| ക്രമ നം. | പ്രവൃത്തി | അടങ്കൽ തുക (കോടിയിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിന്റെ വികസനം | 10.00 | മണ്ണ് പരിശോധന പ്രവൃത്തികൾ പൂർത്തിയാക്കി. സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 2 | പൈനാവിൽ വർക്കിംഗ് വിമൻസ് ആന്റ് മെൻസ് ഹോസ്റ്റലിന്റെ നിർമ്മാണം | 7.00 | പ്രവൃത്തിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| 3 | മനുഷ്യ - മൃഗ സംഘർഷ മേഖലകളിൽ സോളാർ ഫെൻസിങ് സ്ഥാപിക്കൽ | 2.23 | പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം :<br>എ) കുമളി ഗ്രാമപഞ്ചായത്തിലെ അഴുത ബ്ലോക്കിലെ ആലംപാറ പാലം പൂർത്തീകരണം (40.00 ലക്ഷം)<br>ബി) വാഗമണ്ണിലെ നാരകക്കുഴി പാലം (43.00 ലക്ഷം)<br>സി) ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ കൊച്ചുകരിന്തരുവി - പുല്ലാട്ടുപടി പാലത്തിന്റെ നിർമ്മാണം (100.00 ലക്ഷം) | 1.83 | പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

ഇടുക്കി വികസന പാക്കേജുമായി ബന്ധപ്പെട്ട് 2024-25 സാമ്പത്തിക വർഷം ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ പദ്ധതികൾക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല.

ഷമീന. എ
(പെൻ - 606334)
സെക്ഷൻ ഓഫീസർ
ധനകാര്യ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം